# പൂരത്തിന്റെ സമയത്താളം

എം.ഉണ്ണികൃഷ്ണൻ
machingal.unnikrishanan@gmail.com




തൃശൂർ പൂരം എന്നാണ് തുടങ്ങിയത് എന്നതിന് രേഖകൾ ഒന്നുമില്ല. ശക്തൻതമ്പുരാന് മുൻപും തൃശൂർ പൂരമുണ്ടായിരുന്നു.എ.ഡി. 1700 ന് അടുത്ത് ജീവിച്ചിരുന്ന തൃശൂർകാരനായ മഴമംഗലം നാരായണൻ നമ്പൂതിരിയുടെ ഒരു ഗദ്യകൃതിയിൽ പൂരവിശേഷങ്ങൾ കാണാം. ആറാട്ടുപുഴ പൂരം പങ്കാളിത്തത്തെക്കുറിച്ചുള്ള കഥകളിലും പൊരുത്തക്കേടുകൾ ഏറെയാണ്. 108 ദേവീ-ദേവന്മാർ പങ്കെടുത്തിരുന്ന, 28 ദിവസങ്ങളിലായി പെരുവനം ഗ്രാമത്തിന്റെ മഹാമേളയായി ആഘോഷിച്ചിരുന്ന പെരുവനം പൂരം, അന്യം നിന്നു പോകുകയും, 1400 കൊല്ലങ്ങൾക്കുമുമ്പ്, 23 ദേവതകളായി, പുനരാരംഭിച്ചു എന്നുമാണ് ആറാട്ടുപുഴപൂരത്തിന്റെ നാൾവഴി. തൃശൂർ പൂരത്തിൽ പങ്കെടുക്കുന്ന 10 ഘടകപൂരങ്ങളിൽ 8 എണ്ണം 1500ലേറെ വർഷം പഴക്കം അവകാശപ്പെടാവുന്ന ക്ഷേത്രങ്ങളാണ്. പാറമേക്കാവിന് 600 കൊല്ലത്തെ പഴക്കവും, തിരുവമ്പാടിക്ക് 500 കൊല്ലത്തിനടുത്ത് പഴക്കമേയുള്ളു. തന്നെയുമല്ല, ദുർഗ്ഗ/ശാസ്താ ക്ഷേത്രങ്ങളാണ്. ആറാട്ടുപുഴ പൂരത്തിലെ പങ്കാളികൾ. ഭദ്രകാളീ സങ്കല്പങ്ങളായ പാറമേക്കാവ്, തിരുവമ്പാടി, നെയ്തലക്കാവ് ക്ഷേത്രങ്ങൾ ഈ സംഗമത്തിൽ പങ്കെടുക്കാൻ സാദ്ധ്യതയില്ല. ശക്തൻതമ്പുരാനെക്കുറിച്ചുള്ള ആധികാരിക പുസ്തകങ്ങളിൽ ഒന്നും അദ്ദേഹമാണ് തൃശൂർ പൂരം തുടങ്ങിയതെന്ന് പറയുന്നുമില്ല. മീനമാസത്തിലെ ആറാട്ടുപുഴ പൂരത്തിൽ നിന്നും പോന്ന കുറച്ച് പൂരങ്ങളെയും ചില തൃശൂർ ക്ഷേത്രങ്ങളെയും ചേർത്ത് മേടമാസത്തിലെ പൂരം നാളിൽ തൃശൂർ നാടുവാഴി പൂരം തുടങ്ങി. അതിലെ 5 പങ്കാളികൾ കുട്ടനെല്ലൂരിന്റെ നേതൃത്വത്തിൽ, പിരിഞ്ഞുപോയി. അങ്ങിനെ കുംഭമാസത്തിൽ കുട്ടനെല്ലൂർ പൂരം ഉണ്ടായി. എന്തുകൊണ്ടോ തൃശൂരിലെ പൂരം നിന്നുപോയി. ശിവപുരമാഹാത്മ്യത്തിൽ സൂചിപ്പിക്കുന്ന ഒരു കൂട്ടായ്മ വൈശാഖമാസത്തിൽ വടക്കുംനാഥക്ഷേത്രത്തിൽ ഉണ്ടായിരുന്നു. അത് വികസിപ്പിച്ചെടുത്തതാകാം ഇന്നത്തെ തൃശൂർ പൂരം എന്നതാണ് ഏറെക്കുറെ യുക്തിഭദ്രമായ ചരിത്രം.

# തൃശൂർ പൂരത്തിന്റെ ഘടന

**36** മണിക്കൂർ നീണ്ടുനിൽക്കുന്ന, രണ്ട് നൂറ്റാണ്ടുകളായി കാണികളെ മുഷിപ്പിക്കാത്ത, മടുപ്പിക്കാത്ത അപൂർവ്വതകളുടെ സമന്വയമാണ് തൃശൂർ പൂരം. ഒരു മാസം മുമ്പ് തൃശൂർ പൂരം എക്സിബിഷൻ തുടങ്ങുന്നതോടെ തൃശൂർ,'പൂരം ലഹരി'യിലാകുന്നു. പൂരത്തിന് ആറുദിവസം മുൻപ് 10 ക്ഷേത്രങ്ങളിലും കൊടികയറുന്നതോടെ തൃശൂർ പൂരനഗരിയായി മാറും. പൂരത്തിന്റെ തലേന്ന്, വിസ്മയനിറങ്ങളായി, ശബ്ദഘോഷമായി, വർണ്ണക്കടലായി,സാമ്പിൾ വെടിക്കെട്ട്. പേരുപോലെ നിർമ്മാണത്തിന്റെ പോരായ്മകൾ അറിയാനും, പുതിയവയുടെ പ്രകടനം വിലയിരുത്താനും തുടങ്ങിയ ഇത് ഏറെ ജനങ്ങളെ ആകർഷിക്കുന്നുവെന്ന് വന്നപ്പോൾ ചേതോഹരമായ ഒരു ചടങ്ങായി മാറി. പഴയവ കേടുപാടുകൾ തീർത്ത് മിനുക്കി പുതിയ ഇനങ്ങൾ ചേർത്ത്, പെട്ടന്ന് എടുത്ത് ഉപയോഗിക്കാൻ തക്ക വണ്ണം തരംതിരിച്ച് അടുക്കിവെയ്ക്കുന്ന പതിവ് ഇരു ദേവസ്വങ്ങൾക്കും ഉണ്ടായിരുന്നു. അത് നയന മനോഹരമായ മറ്റൊരു ചടങ്ങായ, ചമയക്കാഴ്ചയായി.



പൂരത്തിന്റെ തലേന്ന്, നെയ്തലക്കാവിലമ്മ, തെക്കേ ഗോപുരം തുറക്കുന്ന ഒരു നാമമാത്രമായ ചടങ്ങുണ്ടായിരുന്നു. പോയ കുറച്ച് കാലമായി അത് ആഘോഷപൂർവ്വമായി കൊണ്ടാടിക്കൊണ്ടിരുന്നു. ലോകമെമ്പാടും പരന്നുകിടക്കുന്ന ഫാൻസ് അസോസിയേഷനുകൾ ഉള്ള ഏക ഗജരാജനായ തെച്ചിക്കോട്ട് രാമചന്ദ്രൻ ഈ ചടങ്ങിന് തിടമ്പേറ്റിയതോടെ, അലയടങ്ങാത്ത ഒരു ആവേശ കാഴ്ചയായി ഇത് മാറി. തെക്കേഗോപുരം തുറന്ന്, ശ്രീമൂലസ്ഥാനത്ത് എത്തി നിലപാട് തറയിൽനിന്ന് മൂന്നു പ്രാവശ്യം ശംഖനാദം മുഴക്കുന്നതോടെ പൂരം വിളംബരമാകുന്നു.

പൂരം ദിവസം കാലത്ത് ഏഴ് മണിയോടെ കണിമംഗലം ശാസ്താവ് കണികണ്ടുണരാൻ തെക്കേ ഗോപുരം കടന്ന് വടക്കുംനാഥക്ഷേത്രത്തിലേക്ക് എത്തുന്നതോടെ പൂരം തുടങ്ങുന്നു.

കിഴക്കേ നടയിലൂടെ ശങ്കരാചാര്യപെരുമയോടെ പനമുക്കംപിള്ളി ശാസ്താവും,അനുജത്തി പൂരമായി ചെമ്പൂക്കാവ് ഭഗവതിയും വടക്കുംനാഥനെ വണങ്ങാനെത്തുന്നു. ഒരു കടലിലേക്ക് ഒഴുകിയെത്തുന്ന അരുവികളുടെ തെളിമപോലെ, സമ്പന്നമായ ഒരു സംസ്കാരത്തിന്റെ ഓർമ്മകൾ തൊട്ടുണർത്തി മറ്റ് ഘടകപൂരങ്ങൾ ശ്രീമൂലസ്ഥാനത്തേക്ക് എത്തിത്തുടങ്ങുന്നു.

***ശരവേഗത്തിൽ മാറിമറിയുന്ന കുടകൾ, തീചൂടിൽ കുളിർമഴയായി ചെമ്പട.പൂരത്തിന്റെ സമ്പന്ന കാഴ്ചകളിൽ ഒന്നാണ് പാറമേക്കാവിന്റെ പുറപ്പാട്. അഴകായ്, അലയായ്, ലോകത്തിലെ ഏറ്റവും വലിയ മേളം – ഇലഞ്ഞിത്തറയിൽ....***

പരശുരാമപെരുമയിൽ കാരമുക്ക് ഭഗവതി മണികണ്ഠനാലിൽനിന്നും, സമ്പന്നതയുടെ സ്മരണയിൽ ലാലൂർ ഭഗവതി, ചൂരക്കാട്ടിൽനിന്ന് ചൂരക്കാട്ട് ഭഗവതി, ജേഷ്ഠത്തിപൂരമായി അയ്യന്തോൾ ഭഗവതി, കൊച്ചി രാജാവിന്റെ പ്രിയപ്പെട്ട ദേവി നെയ്തലക്കാവും എന്നീ പൂരങ്ങൾ നടുവിലാലിൽനിന്നും എഴുന്നെള്ളി എത്തുന്നു. പാറമേക്കാവ് വിഭാഗത്തിന്റെയും, തിരുവമ്പാടി വിഭാഗത്തിന്റെയും മേളപ്രമാണികളടങ്ങുന്ന നിരയും, 9 മുതൽ 14 ആനകളുടെ അകമ്പടിയുമായാണ് ഈ ഘടകപൂരങ്ങൾ വടക്കുംനാഥന്റെ തിരുനടയിലെത്തുന്നത്.

കാലത്ത് എട്ടര മണിക്ക് തിരുവമ്പാടി ഭഗവതി മഠത്തിലേക്ക് പുറപ്പെടും. 11.30ന് തിരുവമ്പാടിയുടെ മഠത്തിലെ വരവിന് ശംഖനാദം മുഴങ്ങും. പ്രയോഗ മനോഹാരിതകൊണ്ട് സമ്പന്നമായ മഠത്തിൽവരവിന്റെ പഞ്ചവാദ്യത്തിന്റെ പതികാലം കലാശമാവുമ്പോഴേയ്ക്കും, പാണി കൊട്ടി പാറമേക്കാവിലമ്മ ക്ഷേത്രഗോപുരം കടന്നിരിക്കും. പിന്നീട് ലോകത്ത് ഒരിടത്തും കേൾക്കാത്ത, ഏറ്റവും സുദീർഘമായ ശ്രവണസുഭഗമായ ചെമ്പട. കൊമ്പുകാർ ചെമ്പട സൃഷ്ടിക്കുന്ന മാസ്മര സംഗീതത്തോടെ പാണ്ടിയുടെ പതികാലം. തുടർന്ന് ഇലഞ്ഞിത്തറയിലേക്ക് കൊട്ടിക്കയറുന്നു. മദ്ധ്യാഹ്നസൂര്യന്റെ തീഷ്ണശോഭയിൽ നെറ്റിപ്പട്ടങ്ങളിലെ പൊൻകുമിളകൾ വെട്ടിത്തിളങ്ങി പതിനഞ്ചാനകൾ. ശരവേഗത്തിൽ മാറിമറിയുന്ന കുടകൾ, തീചൂടിൽ കുളിർമഴയായി ചെമ്പട. പൂരത്തിന്റെ സമ്പന്ന കാഴ്ചകളിൽ ഒന്നാണ് പാറമേക്കാവിന്റെ പുറപ്പാട്. അഴകായ്, അലയായ്, ലോകത്തിലെ ഏറ്റവും വലിയ മേളം-ഇലഞ്ഞിത്തറയിൽ. അതീന്ദ്രിയ സംഗീതസൗഭഗതയോടെ, കണക്കിന്റെ താളവട്ടത്തോടെ ആദ്യകലാശം, തുറന്ന് പടിപടിയായി ഉയർന്ന് അവസാന 15 മിനിറ്റ് ആവേശം ഇടിമുഴക്കമായി ഇലഞ്ഞിച്ചുവട് അലറിമറിയും. 4.30നുശേഷം തെക്കോട്ടിറക്കം.

ഇതേസമയം, ഒരു തീപ്പൊരിയായ് ചിതറി ആവേശക്കടലിൽ 17 കുട്ടിക്കൊട്ടലോടെ നായ്ക്കനാലിൽ





എത്തി വെടിക്കെട്ടായി മാറി തിരുവമ്പാടിയുടെ പഞ്ചവാദ്യം അവസാനിപ്പിക്കുന്നു. പാണ്ടിമേളത്തിന്റെ രൗദ്രതാളത്തിൽ 15 ആനകളുമായി ശ്രീമൂലസ്ഥാനത്ത്, മേടമാസത്തിലെ കത്തിയമരുന്ന സൂര്യകിരണങ്ങളെ നിലാവിന്റെ മാധുര്യത്തിലേക്കുയർത്തി, 4.50തോടെ തിരുവമ്പാടിയുടെ പാണ്ടിമേളംസമാപിക്കുന്നു. വടക്കുംനാഥനെ വണങ്ങി തിരുവമ്പാടിയുടെ തെക്കോട്ടിറക്കം. 'ജീവിതത്തിൽ ഒരിയ്ക്കലെങ്കിലും കാണേണ്ട കാഴ്ച' എന്ന് യുനെസ്കോ ഊന്നിപ്പറയുന്ന കുടിക്കാഴ്ച. പൂരത്തിന്റെ പുരുഷാരത്തെ, ആഹ്ലാദത്തിരകളിൽ ആറാടിച്ച് രണ്ടു മണിക്കൂറുകളോളം നീണ്ടുനിൽക്കും. ചെറിയ വെടിക്കെട്ടിനുശേഷം പകൽപ്പൂരം സമാപിക്കുന്നു. 8 ഘടകപൂരങ്ങളുടെ പകൽപ്പൂരത്തിന്റെ ആവർത്തനം. രാത്രി 10 മണിയോടെ പാറമേക്കാവ് ഭഗവതി പഞ്ചവാദ്യത്തോടെ പുറപ്പെടും. വാദ്യത്തിന്റെ യഥാർത്ഥ ആസ്വാദകർ ഒത്തുകൂടുന്ന ഒരു അപൂർവ്വത കൂടിയാണിത്. 3 മണിക്ക് മുൻപ് മണികണ്ഠനാൽ പന്തലിൽ പഞ്ചവാദ്യം അവസാനിക്കും.

മഠത്തിലെ വരവ് കാണാനും കേൾക്കാനുമായില്ലെങ്കിൽ മറ്റൊരവസരം തിരുവമ്പാടി ഒരുക്കുന്ന രാത്രി പഞ്ചവാദ്യം നായ്ക്കനാൽ പന്തലിൽ പുലർച്ചെ 3 മണിയോടെ തീരുന്നതോടെ രാത്രി എഴുന്നള്ളിപ്പുകൾ തീരുന്നു. തീയമ്പുകളെ പായിച്ച് തലയ്ക്കുമീതെ ആകാശം മേളമൊരുക്കുന്ന വെടിക്കെട്ടാണ് പുലരുംവരെ, നക്ഷത്രങ്ങളെ മോഹിപ്പിച്ച് തേക്കിൻകാടാകെ തീപ്പൂക്കൾ വിരിയിച്ച് പാറമേക്കാവും തിരുവമ്പാടിയും ജനലക്ഷങ്ങളെ ആനന്ദസാഗരത്തിലാറാടിക്കും.

കാലത്ത് 7 മണിക്ക് പാണ്ടിമേളവുമായി പാറമേക്കാവ് ശ്രീമൂലസ്ഥാനത്തേക്ക് നീങ്ങും. അതേ സമയം തിരുവമ്പാടി നായ്ക്കനാലിൽനിന്നും പൂരപ്പറമ്പിലെത്തും. 12 മണിവരെ, മേള പെരുക്കങ്ങൾ, കൂട്ടായി കുടമാറ്റവും ഉണ്ട്. മേളം അവസാനിച്ച് നിലപാടുതറ ചുറ്റി പാറമേക്കാവും തിരുവമ്പാടിയും ഹൃദ്യമായ ഉപചാരം ചൊല്ലൽ ചടങ്ങോടെ സ്വന്തം ക്ഷേത്രങ്ങളിലേക്ക് മടങ്ങും. തുടർന്ന് നഗരത്തെ കിടിലംകൊള്ളിക്കുന്ന പകൽ വെടിക്കെട്ട്. രാത്രി ആറാട്ടോടെ കൊടികുത്തും ഉത്രം പാട്ടുമായി തൃശൂർ പൂരത്തിന് കൊടിയിറങ്ങും.

## പൂരവിസ്മയങ്ങൾ

തൃശൂർപൂരം - പൂരങ്ങളുടെ പൂരമായത് ആകസ്മികമായല്ല. തൃശൂർ പൂരം ഒരു പാഠപുസ്തകമാണ്. ചന്തംതികഞ്ഞ ആനകളായാലും, ചമയങ്ങളുടെ കരകൗശലമായാലും, വെടിക്കെട്ടിന്റെ മാസ്മരികതയായാലും, താളമേളങ്ങളുടെ ആസ്വാദ്യതയായാലും തൃശൂർ പൂരമാണ് അളവുകോൽ. പഞ്ചവാദ്യത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി ഇന്നത്തെ നിലയിലേക്ക് വളർത്തിയത്, മാറ്റങ്ങൾ ഉൾക്കൊള്ളാനും, കൊള്ളേണ്ടതു കൊള്ളാനും, തള്ളേണ്ടത് തള്ളാനുള്ള തൃശൂർക്കാരുടെ സഹൃദയത്വവും, നെഞ്ചൂക്കുമാണ് കാരണം. മാർച്ചട്ട പോലെ യുദ്ധത്തിന് ഉപയോഗിച്ചിരുന്ന ഇരുമ്പ് കവചമായ ആനയുടെ നെറ്റിപ്പട്ടം, ലളിതവും സുന്ദരവും ആയി മാറ്റിയത് തൃശൂർകാരാണ്. ആലവട്ടവും വെൺചാമരവും, തൃശൂർ വികസിപ്പിച്ച കലയാണ്. ആഘോഷങ്ങൾക്കുള്ള വെടിക്കെട്ടുകൾ തൃശൂരിലാണ് തുടങ്ങിയത്. ഈവന്റ് മാനേജ്മെന്റിന്റെ ഒരു സർവ്വകലാശാലയാണ് തൃശൂർ പൂരം നടത്തിപ്പ്. 36 മണിക്കൂർ ഇടതടവില്ലാതെ നഗരമദ്ധ്യത്തിൽ നടക്കുന്ന ഒരു മഹോത്സവം. ആസൂത്രണത്തിന്റെ എവിടെയെങ്കിലും ഒന്ന് പിഴച്ചാൽ, എല്ലാം തകരാറിലാവും.



പാണ്ടിമേളത്തിലെ പ്രമാണ വാദ്യം ഉരുട്ട്ചെണ്ടയാണ്. താളം ഉറപ്പുവരുത്തുകയാണ് വീക്കം ചെണ്ടയുടെ പങ്ക്, സഹായിക്കാൻ ഇലത്താളമുണ്ടാകും. കുറുംകുഴലും കൊമ്പും വാദ്യത്തെ ചട്ടക്കൂട്ടിനകത്ത് പിടിച്ചുനിർത്തി മേളത്തിന്റെ സൗന്ദര്യം നിലനിർത്തി മുന്നോട്ട് നയിക്കുന്നു. കുറുംകുഴലും കൊമ്പും ഉരുട്ട് ചെണ്ടയുടെ അത്ര എണ്ണവും, ഇലത്താളം ഇരട്ടിയും, വീക്കൻചെണ്ട ഉരുട്ട്ചെണ്ടയുടെ 3 ഇരട്ടി മുതൽ 6 ഇരട്ടി വരെയും ആകാം. ഈ കണക്കിൽ ലോകത്തിലെ ഏറ്റവും വലിയ ചെണ്ടമേളമായ ഇലഞ്ഞിത്തറയിൽ 220ലേറെ കലാകാരന്മാരുണ്ടാകും. നാല് വ്യത്യസ്ത ഉപകരണങ്ങളിൽ നിന്നു വരുന്ന (ചർമ്മം, സുഷിര, ഘന വാദ്യങ്ങൾ) 5 വ്യത്യസ്ത ശബ്ദങ്ങളുടെ സംയുക്ത നാദധാരയാണ് പാണ്ടിമേളം. ഡാൻസിലോ, സംഗീത വിരുന്നിലോ പങ്കെടുക്കുന്ന ഉപകരണങ്ങൾ അനുബന്ധിയായി പ്രവർത്തിക്കുമ്പോൾ താള-വാദ്യങ്ങളിൽ അവ സ്വതന്ത്രമാണ്. ഈ പരിമിതി, താള-വാദ്യത്തിലെ പ്രമാണിയുടെ ചുമതല ദുഷ്ക്കരമാക്കുന്നു. വളരെ പതിഞ്ഞ് തുടങ്ങി ക്രമേണ മുറുകി, ചിട്ടയോടെ,ഒരു പിരമിഡിനേപ്പോലെ മുകളിലേക്ക് ഉയർത്തി ശബ്ദവിസ്ഫോടനമായി പാണ്ടി സമാപിക്കുന്നു. ഇടത്തോട്ടും വലത്തോട്ടും പിറകോട്ടും നോക്കി, ശരീരഭാഷയിലൂടെ പ്രമാണി മേളം നിയന്ത്രിക്കണം. കൂടുതലും കുറവും മുറുകിയാൽ, മേളത്തിന്റെ ഭംഗി പോകും. കൈയ്യും കണക്കും കാലവും കൊണ്ട് നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമ്പൂർണ്ണ മാനേജ്മെന്റിന്റെ ഒരു നേർകാഴ്ചയാണ് ഇലഞ്ഞിത്തറ മേളം. വിദ്യാർത്ഥികൾക്ക് ഒരു പഠനകളരിയും.

2010 ഏപ്രിൽ 25ന് തൃശൂർ പൂരത്തിലെ പാറമേക്കാവിന്റെ ഇലഞ്ഞിത്തറ മേളം. മേളം കാലങ്ങളിൽ നിന്ന് കാലങ്ങളിലേക്ക് കൊട്ടികയറി അടിച്ചുകലാശത്തിലേക്ക് ആദ്യചുവട് വെയ്ക്കുന്ന സമയത്ത് എഴുന്നള്ളിച്ച ആനകളിൽ ഒന്ന് വീണു. മേളം നിന്നു. ആളുകൾ ചിതറിയോടാൻ തുടങ്ങി. ആന ഇടഞ്ഞതല്ല, തളർന്നു വീണതാണ്, മറ്റ് 14 പേരും അനങ്ങാതെ നിൽക്കുന്നു എന്നറിഞ്ഞ മേളപ്രമാണി, മേളം നിന്ന് 4 മിനിറ്റിൽ അത് തിരിച്ചുപിടിച്ചു. അസാമാന്യമായ മനക്കരുത്തിന്റേയും അസുലഭമായ കൈവഴക്കത്തിന്റേയും ആ നേർകാഴ്ച കണ്ടവരും, കേട്ടവരും മറക്കില്ല. പെരുവനം കുട്ടൻമാരാരായിരുന്നു കൈവിട്ട ആ മേളത്തെ, ആജ്ഞാശക്തികൊണ്ടും, ശരീരഭാഷകൊണ്ടും നെല്ലിടപിഴക്കാതെ നാലു മിനിറ്റുകൊണ്ട് തിരിച്ചെത്തിച്ച മേളപ്രമാണി. മേളത്തിന്റെ രസതന്ത്രമറിയാവുന്ന പലരും കോരിത്തരിച്ച ആ നിമിഷം മാനേജ്മെന്റ് വിദ്യാർത്ഥികൾ പഠനവിഷയമാക്കേണ്ടതാണ്.

ടൈം മാനേജ്മെന്റിന്റെ ഉദാഹരണമാണ് ചേതോഹരമായ കുടമാറ്റം. 40 മുതൽ 50 സെറ്റ് വരെ കുടകൾ ഓരോ വിഭാഗവും മാറും. 2 മണിക്കൂറാണ് സമയപരിധി. 15 കുടകളാണ് ഒരു സെറ്റ്. ആനപ്പുറത്തെ കുടപിടിക്കുന്ന ആൾക്ക് കുട മടക്കണം, താഴോട്ട് കൊടുക്കണം, പുതിയവ വാങ്ങണം, കുട തുറക്കണം, പിടിക്കണം. ആകെ സമയം 3 മിനിറ്റ്. ഈ പ്രവൃത്തിക്ക് സഹായിക്കുന്നവരും ഒരുക്കിവെച്ചിരിക്കുന്ന സെറ്റ് മുറതെറ്റാതെ കൊടുത്താൽ പോര, ആനകളുടെ ദേഹത്ത് കുട കൊള്ളാതെ നിശ്ശബ്ദമായി എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിക്കണം. ഒരു ലക്ഷത്തിലേറെ പേർ നേരിട്ടും ലോകമെമ്പാടും ശതലക്ഷങ്ങൾ ദൃശ്യമാധ്യമത്തിലൂടെയും വീക്ഷിക്കുന്ന ഈ അപൂർവ്വ കാഴ്ച ഒരു നെല്ലിടപോലും തെറ്റാതെ നിർവ്വഹിക്കുന്നത് ടൈംമാനേജ്മെന്റിന്റെ മറ്റൊരു പഠനകളരിയാണ്.

തൃശൂരിലെ മതസൗഹാർദ്ദത്തിന്റെ ഉദാഹരണമാണ് തൃശൂർ പൂരം. ഘടകപൂരങ്ങളായ പനമുക്കം പിള്ളി പൂരത്തിന് ലൂർദ്ദ് മെട്രോപോളിറ്റൻ കത്തീഡ്രലിന്റെ നേതൃത്വത്തിൽ നൽകുന്ന സ്വീകരണവും, അയ്യന്തോൾ പൂരത്തിന് സെന്റ് മേരീസ് അസംപ്ഷൻ ദേവാലയം നൽകുന്ന സ്വീകരണവും, സർവ്വോപരി ചമയകാഴ്ചയ്ക്ക് അഭിവന്ദ്യ തിരുമേനിമാർ പാറമേക്കാവിലും തിരുവമ്പാടിയിലും നടത്തുന്ന സൗഹൃദ സന്ദർശനങ്ങളും ഉത്തമോദാഹരണമാണ്. തെക്കോട്ടിറങ്ങി വരുന്ന പാറമേക്കാവ്/തിരുവമ്പാടി പൂരങ്ങൾ രാജാവിന്റെ പ്രതിമ വരെ പോയിവരുന്ന ഒരു ചടങ്ങുണ്ട്. ദൃശ്യ-അച്ചടി മാധ്യമങ്ങൾ രാജാവിനെ വണങ്ങാൻ പോകുന്നതാണെന്ന് തട്ടിവിടാറുണ്ട്. ദേവതകളെ രാജാവ് പോയി വണങ്ങാറേയുള്ളൂ, തിരിച്ചില്ല. 'അങ്ങാടി കാണിക്കുക' എന്ന ചടങ്ങാണിത്. നായരങ്ങാടിയും സമീപപ്രദേശങ്ങളിലെയും നാനാജാതിമതസ്ഥരായ കച്ചവടക്കാർ പൂരത്തെ സ്വീകരിച്ച് കൊണ്ടുപോയി കൂട്ടപ്പറ വയ്ക്കാറുള്ളതിന്റെ ഓർമ്മയാണിത്. പിന്നീട് എപ്പോഴോ നിന്നുപോയ ആ ചടങ്ങ് പുനരുദ്ധരിക്കണം എന്ന് വിനീതമായ ഒരഭ്യർത്ഥനയുണ്ട്.

കാലങ്ങളിൽനിന്ന് കാലങ്ങളിലേക്ക് സഞ്ചരിക്കുന്ന മേളത്തിന്റെ സൂചികയായി കതിന പൊട്ടിക്കുന്നത് ഒരു ആചാരമാണ്. മേളം മുറുകുന്നതോടെ കതിന പൊട്ടിക്കുന്ന ഇടവേളയും ചുരുങ്ങിച്ചുരുങ്ങിവരും. മേളം അവസാനിച്ചാൽ ഉള്ള കൂട്ടക്കതിനാവെടിയും ആചാരമാണ്. ഇതാണ് വെടിക്കെട്ടിലേക്ക് എത്തിയത്. ഇന്നത്തെ നിലയിലെ വെടികെട്ടിന്റെ രൂപകല്പനയും തൃശൂരിന്റെ സംഭാവനയാണ്. അമിട്ട്, ഡൈന മുതലായവ വികസിപ്പിച്ചെടുത്തതും തൃശൂരാണ്. അതുകൊണ്ടാണല്ലോ അമേരിക്കൻ പ്രസിഡന്റിന്റെ സ്ഥാനാരോഹണത്തിന് തൃശൂർക്കാരന്റെ വെടിക്കെട്ടുണ്ടായത്.

1960കളിൽ ഒരു അമിട്ട് താഴെ വീണ് പൊട്ടി, കുറച്ചുപേർക്ക് പരിക്കുപറ്റി. കോറ നിറയ്ക്കാൻ ഉപയോഗിക്കുന്ന ചിരട്ട പൊട്ടിത്തെറിച്ചുണ്ടായതാണ്. അത് ഒരു വെടിക്കെട്ടപകടമാണ്. അതിനുശേഷം ചിരട്ടയ്ക്ക് പകരം കടലാസ് അടക്കുകളായി ഒട്ടിച്ചുവയ്ക്കുന്നത് തുടങ്ങി. 1978ലെ അപകടം, ഗുണ്ട് കെട്ടിയ മൂള ചെരിഞ്ഞു പോയതുകൊണ്ട് ഉണ്ടായതാണ്. ഇപ്പോൾ ഓരോ ഗുണ്ടും നിലത്തുറപ്പിച്ച കമ്പികളിൽ കെട്ടുകമ്പികൊണ്ട് ദൃഢമായി കെട്ടിയുറപ്പിച്ചാണ് തൃശൂർ പൂരത്തിന്റെ വെടിക്കെട്ട് ഒരുക്കുന്നത്. വെടിക്കെട്ടിന്റെ കരാറുകാരനുണ്ടായ ദാരുണമായ അന്ത്യം, കാൽതെറ്റിവീണ് ഉണ്ടായതാണ്. അതായത് 1960നുശേഷം തൃശൂർ പൂരത്തിന് വെടിക്കെട്ട് അപകടം ഉണ്ടായിട്ടില്ല. നിർമ്മാണശാലകളിൽ വലുതും ചെറുതുമായ അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. വെടിക്കെട്ട് സാമഗ്രികൾ കൈകാര്യം ചെയ്യുമ്പോൾ വന്ന കയ്യബദ്ധങ്ങളായിരുന്നു ഇവയെല്ലാം. തൃശൂർ പൂരം വെടിക്കെട്ടിന്റെ കണക്കിൽ ദയവായി അവയെപ്പെടുത്തരുത്.

ആന ഒരഴകാണ്. ആടയാഭരണങ്ങൾ അണിഞ്ഞ് നിൽക്കുന്ന ആന വേറിട്ടൊരു മറ്റൊരഴക്. പതിനഞ്ചാനകൾ നിരന്നു നിൽക്കുന്നത് മറ്റൊരു വിരുന്ന്. ഏത് കണ്ണിലൂടെ നോക്കിയാലും ആനകളെല്ലാം സുന്ദരന്മാരാണ്. നീണ്ടുനിവർന്ന് അറ്റം ചെറുതായി മുകളിലേക്ക് വളഞ്ഞ കൊമ്പും, ഉയർന്ന മസ്തകവും നിലത്തിഴയുന്ന തുമ്പിക്കയ്യും, തേൻനിറമാർന്ന കണ്ണുകളും, കറുത്ത നിറവും, കുറച്ചുനേരം നോക്കിനിന്നാൽ ആന ഭ്രാന്തരല്ലാത്തവരും, അനുരാഗവിവശരാകും. തൃശൂർ പൂരത്തിന് ആനയെ ഒരുക്കുന്നത് ഒരു നീണ്ട പണിയാണ്, മണവാട്ടികളെ ഒരുക്കുന്നതിനേക്കാൾ ക്ഷമ വേണ്ട ഒരു കല. തിരിച്ചും, മറിച്ചും കിടത്തി, ഇരുത്തി, നിർത്തി ആനയെ കഴുകി വൃത്തിയാക്കൽ, പിന്നെ കൊമ്പ്, നഖങ്ങൾ ഉരച്ചുകഴുകൽ. നാലു മണിക്കൂറോളം നീണ്ടു നിൽക്കുന്ന ആനകുളി.ആരും നോക്കിനിന്നു പോകും.

ആനയും ആനക്കാരനുമായിട്ടുള്ള ഊഷ്മള സ്നേഹബന്ധത്തിന്റെ കഥകൾ തൃശൂരിൽ സുലഭമാണ്. കറുത്ത് ഇരുണ്ട രൂപത്തിൽ നേർകാഴ്ചയായി മരണം എപ്പോഴും കൂടെയുണ്ട് എന്നറിയാമായിരുന്നിട്ടും ജീവിതത്തിൽ ഒരിക്കൽപോലും കാരക്കോൽ ഉപയോഗിക്കാത്ത പാപ്പാന്മാർ ഉള്ള നാടാണിത്. ആയിരത്തിൽ ഒന്നിനു മാത്രമുള്ള അപൂർവ്വ ലക്ഷണത്തികവുള്ള തിരുവമ്പാടിയുടെ ശിവസുന്ദർ എന്ന ഗജരാജൻ 2018 മാർച്ച് 10ന് ചെരിഞ്ഞു. ആ ദിവസം കേരളത്തിലെ ആനപ്രേമികൾ തൃശൂരിലേക്ക് ചുരുങ്ങുകയായിരുന്നു.ആനകളിലെ ഇതിഹാസനായകനായ ഗുരുവായൂർ കേശവന്



ശേഷം ഇത്തരം ഒരാന ഉണ്ടായിട്ടില്ല. സ്വന്തം ആനയ്ക്ക് അസുഖമാവുമ്പോൾ, കോടികളുടെ ബിസിനസ്സ് സാമ്രാജ്യം മറന്ന്, ആന സുഖമാകുന്നതുവരെ ആഴ്ചകളോളം ആനയുടെ അടുത്തിരിക്കുന്ന ആനയുടമസ്ഥന്മാരും, ഉറ്റവരെപ്പോലെ എപ്പോഴും വിവരമന്വേഷിച്ചെത്തുന്ന ആന പ്രേമികളും, വേർപാടിൽ പൊട്ടിക്കരഞ്ഞ് അശ്രുപൂജ അർപ്പിക്കുന്നവരുമാണ് തൃശൂരിലെ ആന പ്രേമികൾ. അവർ, ആനയെ ഉപദ്രവിക്കില്ല, ഉപദ്രവിപ്പിക്കില്ല.

ആന ഒരു കാട്ടുമൃഗമാണ്. ഏഴോ എട്ടോ വയസ്സുള്ള ഒരു സാധാരണ കുട്ടിയുടെ ബുദ്ധിയും, കുസൃതിയും, നിഷ്കളങ്കതയുമുള്ള സ്വന്തം ശക്തിയെപ്പറ്റി തിരിച്ചറിവില്ലാത്ത ഒരു സാധു മൃഗം. പക്ഷെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന ആനയുടെ വന്യത ഏതുസമയവും പുറത്തുവരാം. നീരുകാലത്ത് അതുകൊണ്ടുതന്നെ അവരെ ബന്ധനസ്ഥരാക്കുന്നു, ആഴ്ചകളോളം.

2012 മേയ് 2ന് പിറ്റേ ദിവസത്തെ പൂരം കഴിഞ്ഞ് പിരിഞ്ഞുപോകുമ്പോൾ മറ്റൊരാനയുടെ ദേഹത്ത് തട്ടി പരിഭ്രമിച്ച ഒരാന ഇടഞ്ഞു. തുടർന്ന് ആനയെ നിയന്ത്രിച്ചത് കൂക്കിവിളിയും കല്ലേറുമായി ചുറ്റുംകൂടിയ പൊതുജനമാണ്. മൊബൈലിൽ രംഗം പകർത്താനായി പിറകെ ഓടിയവരിൽ ധാരാളം സ്ത്രീകളും ഉണ്ടായിരുന്നു. ആന പാപ്പാൻമാരും എലിഫെന്റ് സ്കാഡും കൂടി വടത്തിൽ കെട്ടിനിർത്തിയെങ്കിലും പൊതുജനം സമർത്ഥമായി ആനയെ നിയന്ത്രിക്കാൻ തുടങ്ങിയതോടെ ആന വടംപൊട്ടിച്ചു. തുടർന്ന് ഒരുപാട് നാശനഷ്ടങ്ങളും ഒരു സ്ത്രീയുടെ ദാരുണ മരണവും സംഭവിച്ചു. കുറ്റം മുഴുവനും ആനയ്ക്കും പൂരം നടത്തിപ്പുകാർക്കും. കൂടുതൽ പോലീസെത്തി പൊതുജനങ്ങളെ സമാധാനിപ്പിച്ചതിനുശേഷം നായ്ക്കനാലിനടുത്ത് ആനയെ കെട്ടിയിട്ടു. വെടിക്കെട്ടിനുശേഷമാണ് ആനയെ കൊണ്ടുപോയത് എന്നറിയുമ്പോൾ ആർക്കായിരുന്നു ഭ്രാന്ത്? ആനയ്ക്കുമല്ല, ചങ്ങലയ്ക്കുമല്ല.

തൃശൂർ പൂരത്തേക്കാൾ മികച്ച താളമേളങ്ങളുള്ള പൂരങ്ങളും, ഉത്സവങ്ങളുമുണ്ട്. തൃശൂർ പൂരത്തിനേക്കാൾ കൂടുതൽ ആനകൾ പങ്കെടുക്കുന്ന ആഘോഷങ്ങളുമുണ്ട്. തൃശൂരിലേക്കാൾ വലിയ വെടിക്കെട്ടുകൾ നടത്തുന്ന സ്ഥലങ്ങളുണ്ട്. പക്ഷെ തൃശൂരിൽ എല്ലാം ഒന്നാംതരം മാത്രം. അതുകൊണ്ടുതന്നെ തൃശൂർ പൂരം തൃശൂർക്കാരുടെ വികാരമാണ്. എത്ര തവണ കണ്ടാലും മതിവരാത്ത ഒരു കാഴ്ച. പൂരം മുതൽ പൂരം വരെയുള്ള ഒരു കലണ്ടറുമായി ജീവിക്കുന്ന ഒരു ജനതയുടെ ആഘോഷം.

*(തൃശൂർ പൂരം ഏകോപനസമിതിയുടെ പ്രസിഡന്റും, ഘടകക്ഷേത്രമായ പൂക്കാട്ടിക്കര-കാരമുക്ക് പൂരത്തിന്റെ പ്രസിഡന്റുമാണ് ലേഖകൻ. നിരീക്ഷണങ്ങൾ വ്യക്തിപരം.)*